കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി ഔഷധ വിതരണം

119 (811) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വെയർ ഹൗസുകളിലേക്കുള്ള ഔഷധ വിതരണം നിലച്ചതുമൂലം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ-അവശ്യ മരുന്നുകളുടെ ക്ഷാമം അനുഭവപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനും ജീവൻ രക്ഷാ മരുന്നുകളുടെ ആവശ്യമായ സ്റ്റോക്കുകൾ എത്തിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ;

(സി) സർക്കാർ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കളുടെ ചികിത്സയോടനുബന്ധിച്ച് വേണ്ടിവരുന്ന മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ജീവൻരക്ഷാ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്ക് കെ.എം.എസ്.സി.എൽ.-വഴി വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്.

ജനറിക് മരുന്നുകളുടെ സൗജന്യവിതരണം

120 (812) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം എന്ന് മുതൽ ആരംഭിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly